(ബി) യാത്രക്കാരുടെ ആവശ്യം പരിഗണിച്ചു പുതിയ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് സിറ്റി ബസ്സുകൾ നീട്ടുന്നകാര്യം പരിഗണിക്കുന്നുണ്ട്.

(സി) 38 മിനി ബസ്സുകൾ അനുവദിച്ചിട്ടുണ്ട്.

(ഡി) പുതിയ ബസ്സുകൾ വാങ്ങുമ്പോൾ യാത്രക്കാരുടെ ആവശ്യം പരിശോധിച്ചു എണ്ണം തിട്ടപ്പെടുത്തുന്നതാണ്.

(ഇ) തൽക്കാലം നിർവ്വാഹമില്ല.

കോഴിക്കോട്ടുനിന്നുള്ള അന്തർ സംസ്ഥാന ബസ് സർവ്വീസ്

54 [541] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന ബസ് റൂട്ടുകൾ സംബന്ധിച്ച് കർണ്ണാടക ഗവൺമെന്റുമായി അവസാന ചർച്ച നടത്തിയത് എന്നാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ചർച്ചയിൽ കൈക്കൊണ്ട തീരുമാനത്തിന്റെ മിനിറ്റ്സ്, നടപടി സംബന്ധിച്ച രേഖ എന്നിവ ലഭ്യമാക്കുമോ;

(സി) കോഴിക്കോട്നിന്ന് അത്തോളി, കുറ്റ്യാടി, മാനന്തവാടി, ബാലവി വഴി മൈസൂരിലേയ്ക്കും ബാംഗ്ലൂരിലേക്കും പുതിയ ബസ് സർവ്വീസുകൾ നടത്തുവാൻ എന്തെങ്കിലും നിർദ്ദേശം ഈ ചർച്ചയിൽ ഉണ്ടായിട്ടുണ്ടോ;

(ഡി) ഈ റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 9-10-2003-ൽ.

(ബി) മിനിറ്റ്സിന്റെ കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഇല്ല.

(ഡി) പരിഗണനയിൽ ഉണ്ട്.

കായംകുളം-മധുര സർവ്വീസ്

55 [542] ശ്രീ. എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്തുനിന്ന് പുനലൂർ വഴി മധുരയ്ക്ക് കെ.എസ്.ആർ.ടി.സി. ഒരു അന്തർ സംസ്ഥാന സർവ്വീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ആവശ്യം അംഗീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly